# Deepika
# 9 August 2018
# Changanassery, Kuttanad Flood

## കുട്ടനാട് വെള്ളത്തിലായിട്ട് ഇന്ന് 25-ാം ദിനം

- **കുട്ടനാടിന്റെ ദുരിതമകറ്റാൻ ഉയരട്ടെ കാരുണ്യത്തിന്റെ കരങ്ങൾ**
- **നാളെ വെളിയനാട് കേസറിയ പള്ളിയിൽ മെഡിക്കൽ ക്യാമ്പ്**

ദീപിക CHASS കാരുണ്യഹസ്തം

**ചങ്ങനാശേരി:** കുട്ടനാട് വെള്ളത്തിലായിട്ട് ഇന്ന് 25-ാം ദിനം. കുട്ടനാടൻ ജനതയുടെ ദുരിതമകറ്റാനും പുനരധിവാസത്തിനുമായി രൂപീകരിച്ച ദീപിക-ചാസ് കാരുണ്യഹസ്തം പദ്ധതിയിലൂടെ ഇനിയും ഉണരണം കാരുണ്യത്തിന്റെ മനസുകൾ. ഉയരണം കാരുണ്യത്തിന്റെ കരങ്ങൾ. കുട്ടനാട് താലൂക്കിലെ 12 പഞ്ചായത്തുകളിലായി മൂന്നര ലക്ഷത്തിലേറെ ആളുകളാണ് വെള്ളപ്പൊക്കത്തിന്റെ ദുരിതത്തിലായിരിക്കുന്നത്. ആയിരക്കണക്കിനു വീടുകൾക്കാണ് നാശം നേരിട്ടിരിക്കുന്നത്. നെല്ല്, വാഴ, പച്ചക്കറികൾ തുടങ്ങിയ കാർഷിക വിളകൾ പൂർണമായും നശിച്ചു. കൂലിവേല പോലുമില്ലാതെ ആളുകൾ അതീവ ദുരിതം നേരിടുകയാണ്.

ചങ്ങനാശേരിയിൽ നിന്നും ആലപ്പുഴയിലേക്കു നേരിട്ടുള്ള കെഎസ്ആർടിസി ബസ് സർവീസുകളും നിലച്ചിട്ട് ഇന്ന് 25ദിനങ്ങൾ പിന്നിട്ടു. മങ്കൊമ്പ് ബ്ലോക്ക് ഭാഗത്ത് വാഹനസഞ്ചാരം ദുരിതമാക്കി റോഡിൽ ഇപ്പോഴും വെള്ളക്കെട്ടാണ്. ഈ ദുരിതസാഹചര്യത്തിലാണ് കുട്ടനാടൻ ജനതക്ക് കൈത്താങ്ങാകാൻ ഹൃദയപൂർവമായ കാരുണ്യഹസ്തം ഉയരേണ്ടതുണ്ട്.

വെള്ളപ്പൊക്ക മേഖലകളിൽ സാംക്രമിക രോഗങ്ങൾ പടരാതിരിക്കാൻ കാരുണ്യഹസ്തം പദ്ധതിയുടെ ഭാഗമായി കരുതലോടെയുള്ള കർമപദ്ധതികളാണ് ആവിഷ്കരിച്ചു നടപ്പാക്കി വരുന്നത്. ശുചിത്വപാലനത്തിനും സാംക്രമികരോഗ പ്രതിരോധത്തിനുമുള്ള നടപടികളാണ് ഇപ്പോൾ നടക്കുന്നത്. വിവിധ പ്രദേശങ്ങളിലായി മുപ്പതിലേറെ മെഡിക്കൽ ക്യാമ്പുകൾ ഇതിനകം സംഘടിപ്പിച്ചുകഴിഞ്ഞു. ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെ നേതൃത്വത്തിൽ ഇന്നലെ രാമങ്കരി സെന്റ് ജോസഫ് പള്ളിയിൽ സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പിൽ നിരവധിപേർക്ക് സൗജന്യമായി മരുന്നുകൾ നൽകി.

ഡോ.തോമസ് സെബാസ്റ്റ്യൻ, ഡോ.ബോബൻ ജോസഫ് എന്നിവർ നേതൃത്വം നൽകി. നാളെ വെളിയനാട് കേസറിയ പള്ളിയിൽ മെഡിക്കൽ ക്യാമ്പ് നടക്കും.



**ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെ നേതൃത്വത്തിൽ ഇന്നലെ രാമങ്കരി സെന്റ് ജോസഫ് പള്ളിയിൽ സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പിൽ നിന്ന്.**